**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.117

05/03/2018 -ൽ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2018 ഫെബ്രുവരിയിൽ യു.ജി.സി. പുറത്തിറക്കിയ റഗുലേഷൻ അനുസരിച്ച് കോളേജുകൾക്ക് സ്വയംഭരണാവകാശം നേടുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | യു. ജി. സി. 2018 ൽ പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷനിലെ വ്യവസ്ഥകൾ കോളേജുകളുടെ മേലുള്ള നിയന്ത്രണത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടില്ല. |
| (ബി) സ്വയംഭരണാവകാശം ലഭിക്കുന്നതിന് ആവശ്യമായ എല്ലാ സ്റ്റാന്റേർഡുകളും കോളേജുകൾക്ക് ഉണ്ടെങ്കിൽ, സർക്കാരിനോ യൂണിവേഴ്സിറ്റിക്കോ പ്രസ്തുത സ്ഥാപനം സ്വയംഭരണാവകാശം നേടുന്നത് തടയുവാൻ കഴിയില്ലായെന്ന നിബന്ധന മൂലം ഉളവായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | | |
| (സി) ഇക്കാര്യം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (സി) യും (ഡി) യും | സ്വയം ഭരണാവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റങ്ങളും പ്രവർത്തനവും വിലയിരുത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് പുന: സംഘടിപ്പിക്കപ്പെട്ട ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആദ്യ എക്സിക്യൂട്ടീവ് ബോഡി |

| | |
|---|---|
| (ഡി) യു.ജി.സി. കൊണ്ടുവന്നിട്ടുള്ള പ്രസ്തുത നിബന്ധന ഈ സർക്കാരിന്റെ നയങ്ങൾക്ക് തിരിച്ചടിയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | യോഗം ഡോ.ജോയി ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മറ്റിയെ നിയോഗിച്ചിരിക്കുകയാണ്. കമ്മിറ്റിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ 'ഉന്നത വിദ്യാഭ്യാസ നയരൂപീകരണവും ഭരണഘടന ഫെഡറൽ തത്ത്വങ്ങളും' എന്ന വിഷയം അടിസ്ഥാനമാക്കി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ 20/02/2018 ൽ കൂടിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡി യോഗം തീരുമാനിച്ചിട്ടുണ്ട്. സെമിനാറിൽ ഉരുത്തിരിഞ്ഞു വരുന്ന നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ